## 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1386** **04-07-2022 - ൽ മറുപടിയ്ക്ക്**

### മലപ്പുറം ജില്ലയിലെ പ്ലസ് വൺ സീറ്റ് ക്ഷാമം പരിഹരിക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | എസ്.എസ്.എൽ.സി. പരീക്ഷ വിജയിച്ച മലപ്പുറം ജില്ലയിലെ വിദ്യാർത്ഥികൾ നേരിടുന്ന പ്ലസ് വൺ സീറ്റിന്റെ അപര്യാപ്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | മലപ്പുറം ജില്ലയിൽ 77691 (എഴുപത്തേഴായിരത്തി അറനൂറ്റി തൊണ്ണൂറ്റി ഒന്ന്) വിദ്യാർത്ഥികളാണ് എസ്.എസ്.എൽ.സി പാസ്സായത്. അവിടെ സർക്കാർ/എയ്ഡഡ്/അൺ-എയ്ഡഡ് മേഖല ഉൾപ്പെടെ 67106 (അറുപത്തേഴായിരത്തി ഒരുനൂറ്റി ആറ്) പ്ലസ് വൺ സീറ്റുകൾ ലഭ്യമാണ്. |
| (ബി) | മലപ്പുറം ജില്ലയിലെ പ്ലസ് വൺ സീറ്റ് ക്ഷാമം പരിഹരിക്കുന്നതിന് ഹയർ സെക്കണ്ടറി സ്കൂളുകളിൽ അധിക ബാച്ചുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (ബി) | എസ്.എസ്.എൽ.സി പാസ്സായ എല്ലാ വിദ്യാർത്ഥികളും ഉപരിപഠനത്തിനായി പ്ലസ് വൺ തെരഞ്ഞെടുക്കുന്നില്ല. ഐ.റ്റി.ഐ, പോളിടെക്നിക്, വി.എച്ച്.എസ്.ഇ തുടങ്ങിയ കോഴ്സുകൾ തെരഞ്ഞെടുക്കുന്ന വിദ്യാർത്ഥികളും ധാരാളമായി ഉണ്ട്. കഴിഞ്ഞ അഞ്ച് വർഷത്തെ കണക്കുകൾ പരിശോധിക്കുമ്പോൾ 58506 (അമ്പത്തി എട്ടായിരത്തി അഞ്ഞൂറ്റി ആറ്) (ശരാശരി) വിദ്യാർത്ഥികൾ മാത്രമാണ് ഹയർ സെക്കന്ററി കോഴ്സിന് ചേരുന്നത്. അങ്ങനെ നോക്കുമ്പോൾ മലപ്പുറം ജില്ലയിൽ പ്ലസ് വൺ സീറ്റുകൾ അപര്യാപ്തമാണ് എന്ന് കാണുന്നില്ല. സംസ്ഥാനത്തെ പ്ലസ് വൺ അഡ്മിഷൻ നടപടികൾ ആരംഭിച്ചിട്ടില്ല. അഡ്മിഷൻ നടപടികൾ ആരംഭിച്ച ശേഷം സംസ്ഥാനത്തെ സ്ഥിതിഗതികൾ അവലോകനം ചെയ്ത് പ്ലസ് വൺ സീറ്റുകൾക്ക് അപര്യാപ്തത ഉണ്ട് എന്ന് വ്യക്തമായാൽ കഴിഞ്ഞ വർഷത്തെപോലെ അധിക സീറ്റുകളും താൽക്കാലിക ബാച്ചുകളും അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |
| (സി) | ഓരോ ജില്ലയിലും എസ്.എസ്.എൽ.സി. പരീക്ഷ വിജയിച്ച കുട്ടികളുടെ എണ്ണവും അവർക്ക് നിലവിലുള്ള പ്ലസ് വൺ സീറ്റുകളുടെ എണ്ണവും കുട്ടികളുടെ എണ്ണത്തെ അപേക്ഷിച്ച് പ്ലസ് വൺ സീറ്റുകളിലുള്ള കൂടുതൽ/കുറവ് -ന്റെ ജില്ല തിരിച്ചുള്ള കണക്കും വിശദമാക്കാമോ; | (സി) | |

| ജില്ല | 2021-22-ലെ ആകെ സീറ്റുകൾ (സർക്കാർ/എയ്ഡഡ്/അൺ-എയ്ഡഡ്) | എസ്.എസ്.എൽ.സി പാസായവരുടെ ആകെ എണ്ണം | സീറ്റിന്റെ കുറവ് (-)/ കൂടുതൽ (+) |
|---|---|---|---|
| തിരുവനന്തപുരം | 37851 | 34039 | (+)3812 |
| കൊല്ലം | 30882 | 30534 | (+)348 |
| പത്തനംതിട്ട | 16082 | 10437 | (+)5645 |
| ആലപ്പുഴ | 26010 | 21879 | (+)4131 |
| കോട്ടയം | 24156 | 19393 | (+)4763 |
| ഇടുക്കി | 13090 | 11294 | (+)1796 |
| എറണാകുളം | 36660 | 31780 | (+)4880 |
| തൃശ്ശൂർ | 37352 | 35671 | (+)1681 |
| പാലക്കാട് | 35910 | 38972 | -3062 |

| | | | |
|---|---|---|---|
| കോഴിക്കോട് | 42862 | 43496 | -634 |
| മലപ്പുറം | 67106 | 77691 | -10585 |
| വയനാട് | 11135 | 11946 | -811 |
| കണ്ണൂർ | 35190 | 35167 | (+)23 |
| കാസർഗോഡ് | 17795 | 19658 | -1863 |
| ആകെ | 432081 | 421957 | 27079 (+) / 16955 (-) |

| | | | |
|---|---|---|---|
| (ഡി) | സംസ്ഥാനത്ത് ഹയർ സെക്കണ്ടറി കോഴ്സ് നിലവിൽ വന്നതിനുശേഷം അനുവദിച്ച ഹയർ സെക്കണ്ടറി സ്കൂളുകളുടെയും ഹയർ സെക്കണ്ടറി അധിക ബാച്ചുകളുടെയും കണക്കുകളും അവ അനുവദിച്ച വർഷവും അനുവദിച്ച സമയത്തെ വിദ്യാഭ്യാസ വകുപ്പ് മന്ത്രിമാരുടെ പേരുകളും സംബന്ധിച്ച വിശദ വിവരങ്ങൾ ലഭ്യമാക്കാമോ? | (ഡി) | വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ